LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ &ബി) ഈ മണ്ഡല മകരവിളക്ക് കാലയളവിൽ അപ്പം, അരവണ പ്രസാദങ്ങളുടെ കരാർ ഏറ്റെടുത്തതിന്റെ വിശദവിവരം താഴെ ചേർക്കുന്നു :

കാര	പേര്	
ഇലക്ട്രിക്	കുമാരസ്വാമി പിള്ള, ചിന്നഭവൻ, തോട്ടുമുക്ക്, പുളിയറക്കോണം, തിരുവനന്തപുരം	925 രൂ
തെർമിക്ക് ഫ്ലൂയിഡ്	സുതൻ, തേരിവിള പുത്തൻ വീട്, കറുകച്ചാൽ, കരകുളം	1400 "
ഗ്യാസ്	ഉദയകുമാർ, കൃഷ്ണോദയം, വൃലെയിൻ,വട്ടിയൂർക്കാവ്, തിരുവനന്തപുരം	1190 "
മേടവിഷു	സുതൻ, തേരിവള പുത്തൻ വീട്, കറുകച്ചാൽ, കരകുളം	690 "

(സി) പരിചയസമ്പന്നരല്ലാത്ത അപ്പം കുത്തുകാരെ കരാറുകാർ നിയോഗിച്ചതിനാലാണ് ഇപ്രകാരം സംഭവിച്ചത്.

(ഡി &ഇ) 4,03,423 രൂപയുടെ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം ടി യുക ഉദയകുമാറിന്റെ ഇ.എം.ഡി, സെക്യൂരിറ്റി എന്നിവയിൽനിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശബരിമലയിൽ എ.ഡി.ജി.പി.ക്കും കുടുബത്തിനും സുഖദർശനം

143 (2698) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ എ.ഡി.ജി.പി.ആർ. ശ്രീലേഖയ്ക്കും കുടുംബത്തിനും ദർശനമൊരുക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ശബരിമലയിൽ ദർശന നിയമങ്ങൾ ലംഘിച്ച എ.ഡി.ജി.പി.ആർ. ശ്രീലേഖയ്ക്കെതിരെ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ പ്രവൃത്തിക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുമോയെന്നു വിശദമാക്കുമോ ;

(ഡി) സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും അനുമതിയോടെയാണോ എ.ഡി.ജി.പി. ആർ. ശ്രീലേഖ ശബരിമലയിൽ എത്തിയതെന്നു വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) ശബരിമലയിൽ എ.ഡി.ജി.പി. ശ്രീമതി ശ്രീലേഖയും മറ്റൊരു സ്ത്രീയും ദർശനം നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ശബരിമല ദർശന നിയമങ്ങൾ ഒന്നുംതന്നെ ലംഘിച്ചിട്ടില്ല. ആയതിനാൽ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികളുടെ ആവശ്യമില്ല. തീർത്ഥാടനത്തിന് പോലീസ് ഉദ്യോഗസ്ഥർ പോകുന്നതിന് സർക്കാരിന്റെയോ ദേവസ്വം ബോർഡിന്റെയോ അനുമതി ആവശ്യമില്ല.

ശബരിമലയിലും പമ്പയിലും കടകൾ നടത്താനും കൊപ്ര ശേഖരണത്തിനുമുള്ള അവകാശം

144 (2699) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ തീർത്ഥാടന കാലത്ത് ശബരിമലയിലും പമ്പയിലും കടകൾ നടത്തുന്നതിനുള്ള അവകാശം ദേവസ്വം ബോർഡ് ലേലം ചെയ്ത് നൽകിയത് എത്ര രൂകയ്ക്കാണ് ;

(ബി) ലേല നടപടികൾ പൂർണ്ണമായും ഇ-ടെണ്ടർ സംവിധാനം വഴിയാണോ നടപ്പിലാക്കിയത് ; അല്ലാത്ത പക്ഷം അതിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(സി) സന്നിധാനം, പമ്പ എന്നിവിടങ്ങളിൽ കൊപ്ര ശേഖരിക്കുന്നതിനുള്ള കരാർ ആർക്കാണ് നൽകിയിരിക്കുന്നത് ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 37,57,36,965 രൂപയ്ക്ക്.

(ബി) ഇ-ടെണ്ടർ മുഖാന്തിരമാണ് നടപ്പിലാക്കിയത്. നിരവധി തവണ ഇ-ടെണ്ടർ ക്ഷണിച്ചിട്ടും ആൾ ഏർപ്പെടാത്ത ചില ഇനങ്ങൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിച്ച് ടെണ്ടർ നൽകിയിട്ടുണ്ട്.

(സി) സന്നിധാനത്ത് 5,77,25,000 രൂപയ്ക്ക് മാർക്കറ്റിംഗ് ഫെഡറേഷനും, പമ്പയിൽ 2,13,50,000 രൂപയ്ക്ക് സുരേഷ് കുമാർ എന്നയാൾക്കുമാണ് കൊപ്ര ശേഖരിക്കുന്നതിനുള്ള കരാർ നൽകിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly